ശ്രീ. കെ. എം. ജാർജ്ജ് : അതിന്റെ പണി പൂർത്തിയാക്കാൻ എത്രകാലം വേണ്ടിവരും ?

ശ്രീ. കെ. ഐ. വേലായുധൻ : അത് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. എം. ജാർജ്ജ് : രണ്ടാംപഞ്ചവത്സരപദ്ധതിയുടെ കാലം അവസാനിക്കുന്നതിനു മുൻപ് ഇതിന്റെ പണി ആരംഭിക്കുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : അതിപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. എം. ജാർജ്ജ് : ഇടുക്കിപദ്ധതിക്ക് 36 കോടി രൂപ വേണ്ടിവരുമെന്നു ഇതിനുമുൻപ് മന്ത്രി പ്രസ്താവിച്ചിട്ടുള്ളതായി അറിയാമോ ?

ശ്രീ. കെ. ഐ. വേലായുധൻ : അതു റഫായിട്ട ഒരു ഇൻവെസ്റ്റിഗേഷൻ നടത്തിയതിൽനിന്നും പറഞ്ഞതായിരിക്കും.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഷോലാർ പദ്ധതിയും രണ്ടാം പഞ്ചവത്സരപദ്ധതിയിൽ പൂർത്തിയാക്കുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : പൂർത്തിയാക്കുമെന്നാണ് വിചാരിക്കുന്നത്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : പമ്പാ റിവർപദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ ഏതു സ്റ്റേജിലാണുള്ളത് ?

ശ്രീ. കെ. ഐ. വേലായുധൻ : അതു നടന്നുകൊണ്ടിരിക്കുകയാണ്.

സെൻട്രൽ വർക്ക്സ് കമ്മിറ്റി അംഗീകരിച്ചിട്ടുള്ള പണികൾ.

* 22. [24] ശ്രീ. കെ. ടി. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെൻട്രൽ വർക്ക്സ് കമ്മിറ്റി ഇക്കൊല്ലം അംഗീകരിച്ചിട്ടുള്ള പണികളുടെ എണ്ണമെത്ര ;

(ബി) അതിൽ എത്രയെണ്ണം പണി ആരംഭിച്ചു ;

(സി) എത്ര പണികൾക്കു എസ്റ്റിമേറ്റ് തയ്യാറാക്കിട്ടുണ്ട് ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) 250.

(ബി) 47.

(സി) 220.

ശ്രീ. കെ. ടി. തോമസ് : എസ്റ്റിമേറ്റ് തയ്യാറാക്കിട്ടുള്ള പണികൾ ഏതൊക്കെല്ലാം ആരംഭിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : ആരംഭിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. കെ. ടി. തോമസ് : പണികൾ ആരംഭിക്കുവാൻ ഇത്ര കാലതാമസം എന്തുകൊണ്ടാണെന്നു പറയുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഐ. വേലായുധൻ : അതിന പല കാരണങ്ങൾ ഉണ്ട്.

ശ്രീ. എം. എ. ജോൺ : ലാൻഡ് അക്വയർ ചെയ്യുന്നതിനും മറ്റും നേരിടുന്ന വിഷമങ്ങൾകൊണ്ടാണോ ഈ കാലതാമസം ഉണ്ടാകുന്നത് ?

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങനെയും ചില വിഷമങ്ങൾ ഉണ്ടാകുന്നുണ്ട്. അവയൊക്കെ പരിഹരിക്കാൻ ശ്രമിക്കുന്നുമുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: ബഡ്ജറ്റ് പാസ്സാക്കിക്കഴിഞ്ഞിട്ട് ആറ മാസമായിട്ടും അനുവദിച്ചിട്ടുള്ളതിൽ 25 ശതമാനം പ്രവൃത്തനംപോലും നടത്തിയിട്ടില്ലെന്നറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ: പൂർത്തിയാകാതെ കിടന്ന പണികൾ ഇതിനകം മിക്കവാറും പൂർത്തിയാക്കിയിട്ടുണ്ട്. പുതിയ പണികൾ തുടങ്ങാൻ ആരംഭിച്ചിട്ടുമുണ്ട്.

ട്രാവൻകൂർ സിമൻറ്സ് കമ്പനി.

* 23. [25] ശ്രീ. എൻ. രാഘവക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റാൻഡിംഗ് ഓർഡേഴ്സിനു വിരുദ്ധമായി പ്രവർത്തിച്ച കാരണത്തിന് ഏതെങ്കിലും മാനേജ്മെൻറിനെ പ്രോസിക്യൂട്ട് ചെയ്തിട്ടുണ്ടോ ;

(ബി) ട്രാവൻകൂർ സിമൻറ്സ് കമ്പനിവക ഫാക്ടറിയിലെ സ്റ്റാൻഡിംഗ് ഓർഡേഴ്സിനു വിരുദ്ധമായി കുറെ തൊഴിലാളികളെ പിരിച്ചുവിട്ടിട്ടുള്ളതായി ഗവണ്മെൻറിനു പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ആയതിലേയ്ക്ക് മാനേജ്മെൻറിനെ പ്രോസിക്യൂട്ട് ചെയ്യണമെന്ന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നു ലഭിച്ചു, അതിന്മേൽ ഗവണ്മെൻറിൽ നിന്നോ ലേബർ ഡിപ്പാർട്ട്മെൻറിൽ നിന്നോ എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) പ്രോസിക്യൂട്ടുചെയ്തിട്ടില്ല.

(ബി) പരാതി ലഭിച്ചിട്ടുണ്ട്.

(സി) മാനേജ്മെൻറിനെ പ്രോസിക്യൂട്ട ചെയ്യണമെന്ന നിവേദനം 1954 നവംബർ മാസത്തിൽ കിട്ടി; അതിന്മേൽ ആവശ്യമായ നടപടികൾ നടത്തിയിട്ടുണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ആ നടപടികൾ എന്തായിരുന്നു എന്നു പറയാമോ ?

ശ്രീ. എ. ജെ. ജോൺ : മാനേജ്മെൻറിനെ പ്രോസിക്യൂട്ട ചെയ്യേണ്ടയാവശ്യമില്ലെന്നു തീരുമാനിച്ചു.

ശ്രീ. എൻ. രാഘവക്കുറുപ്പ് : സിമൻറ് ഫാക്ടറിയിലെ മാനേജ്മെൻറ് സ്റ്റാൻഡിംഗ് ഓർഡർ ലംഘിച്ചതായി ഗവണ്മെൻറ് മനസ്സിലാക്കിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly